Malappuram District Police

## 12/02/2018 മലപ്പുറം

വാഹനഉടമ തട്ടുകടയിൽനിന്നു പലഹാരം വാങ്ങാൻ ഇറങ്ങിയ നേരംനോക്കി കാർ തട്ടിയെടുത്ത് ഓടിച്ചുപോയ സംഭവത്തിൽ നാലുപേർ അറസ്റ്റിൽ. മലപ്പുറം സ്വദേശികളായ പുഴക്കത്തൊടി മഹറൂഫ് (21) ഇല്ലിക്കുത്ത് അഫ്സൽ (21), പാലേംപടിയൻ സെയ്ത് ഫസൽ (30) കുറുപ്പത്ത് നിഖിൽ (24) എന്നിവരെയാണ് മലപ്പുറം പൊലീസ് പിടികൂടിയത്.

തിരക്കേറിയ മലപ്പുറം മുണ്ടുപറമ്പ് ബൈപാസ് ജംക്ഷനിൽ ഒരുവർഷം മുൻപാണു സംഭവം. വാഹനങ്ങൾ നിർത്തി, യാത്രക്കാർ തട്ടുകടയിലേക്കു പോകുന്നത് നിരീക്ഷിച്ചാണ് കാർ കടത്തിക്കൊണ്ടുപോകാൻ സംഘം പദ്ധതിയിട്ടത്. ഉടമ താക്കോൽ എടുക്കാതെ പുറത്തിറങ്ങിയത് കവർച്ച എളുപ്പമാക്കി.